## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5509** — 01.07.2019-ൽ മറുപടിയ്ക്ക്

### സഹകരണ രംഗത്തെ പുതിയ സേവനമേഖലകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ഓൺലൈൻ ടാക്സി സേവനം ആരംഭിയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) നിലവിൽ അത്തരം നിർദ്ദേശം പരിഗണനയിലില്ല |
| (ബി) സമൂഹത്തിലെ സേവന രംഗത്തും മറ്റ് മേഖലകളിലുമുണ്ടായിട്ടുള്ള മാറ്റത്തിനനുസരിച്ച് ഏതെല്ലാം പുതിയ രംഗങ്ങളിലാണ് സാധ്യതതേടുന്നത്; | (ബി) സംസ്ഥാനത്തെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായ സഹകരണ ബാങ്കുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം എൻ.സി.ഡി.സി പദ്ധതി പ്രകാരവും വിവിധ സ്കീമുകളിലൂടെ ഏകീകൃത സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള ആധുനികവത്ക്കരണം, സർക്കാർ ഓഹരി മൂലധനം, കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നിക്ഷേപ ഉറപ്പ്, നെൽകൃഷി വായ്പക്കുള്ള പ്രോത്സാഹനം, മാതൃകാ സഹകരണ സംഘങ്ങളുടെ നൂതന കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രായോഗിക വാണിജ്യ പദ്ധതികൾ ഏറ്റെടുപ്പിക്കുക, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

കൂടാതെ നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ് എന്നിവ ആരംഭിച്ച് ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകളും പരിശോധനാ ലാബ് സൗകര്യങ്ങളും ലഭ്യമാക്കി വരുന്നു. അതോടൊപ്പം പൊതു മാർക്കറ്റിൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി നീതി സ്റ്റോറുകളും ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകളും നടത്തി വരുന്നു.

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് വ്യവസ്ഥകളോടെ RBI തലത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം കുറഞ്ഞ സേവന നിരക്കും സമൂഹത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള ബാങ്ക് രൂപീകരണമെന്ന ആശയവുമായി സർക്കാർ മുന്നോട്ട് പോകുന്നത്.

സമൂഹത്തിലെ സേവന രംഗത്തും മറ്റ് മേഖലകളിലുമുണ്ടായിട്ടുള്ള മാറ്റത്തിനനുസരിച്ച് പുതിയ രംഗങ്ങളിലെ സാധ്യതകൾ കാർഷിക ഗ്രാമവികസന ബാങ്ക് പരിശോധിച്ചുവരുന്നു. സഹകരണ സംഘങ്ങൾ മുഖേന നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.റ്റി.ജി.എസ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സഹകരണ സംഘങ്ങളുടെ ഇടപെടലിലൂടെ വട്ടപ്പലിശക്കാരുടെ ചൂഷണം ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന

കഷ്ടനഷ്ടങ്ങൾ ഒരു പരിധി വരെ ഇല്ലാതാക്കുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ കൊള്ളപ്പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുക, ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുക, അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" എന്ന പേരിൽ ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം **1000/-** രൂപ മുതൽ **25000/-** രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും **12%** പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം **1** രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും **9%** പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി **52** ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് **1000/-** രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് **52** ആഴ്ചകളിൽ തുല്യ ഗഡുക്കളായി **1120/-** രൂപ തിരിച്ചടയ്ക്കണം.

(സി) കൂടുതൽ പുതിയ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിയ്ക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(സി) സഹകരണരംഗത്തെ സേവനം, ജന ജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ പുതിയ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ കാർഷിക ഗ്രാമവികസന ബാങ്കുകൾ ആരാഞ്ഞു വരുന്നു. നെൽകർഷകരെ ഇടനില ക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും ഉപഭോക്താക്കൾക്ക് നല്ലയിനം അരി ലഭ്യമാക്കുന്നതിലേയ്ക്കുമായി നെല്ലിന്റെ സംഭരണം സംസ്കരണം

വിപണനം എന്നീ മേഖലകളിലേയ്ക്ക് സഹകരണ രംഗത്തെ സേവനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പാലക്കാട് ഒരു പുതിയ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെ കീഴിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**